(1)	(2)
പോത്തുണ്ടി	56 ദിവസത്തേക്ക്
മംഗലം	78 ദിവസത്തേക്ക്
വാളയാർ	27 ദിവസത്തേക്ക്
മീങ്കര	32 ദിവസത്തേക്ക്
ചുള്ളിയാർ	32 ദിവസത്തേക്ക്

(ഡി) മലമ്പുഴ ജലസംഭരണിയിൽ ജലലഭ്യതയനുസരിച്ച് ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. കർഷകരുടെ യോഗം ചേർന്ന് അവരെ ജലസംഭരണിയിലെ ജലലഭ്യതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും സുഗമമായ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റൂർ ഡിവിഷനിൽ കൃഷിരീതിയെ കുറിച്ച് തീരുമാനിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിളനിർണ്ണയ സമിതിയോഗം ചേർന്നിട്ടുണ്ട്. 5-12-2015-ന് പദ്ധതി ഉപദേശകസമിതി യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ നിർമ്മാണം

203 (892) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നര പതിറ്റാണ്ട് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ എം.സി. റോഡിലെ 10490-12000 മീറ്റർ ചെയിനേജ് പ്രവൃത്തി പൂർത്തീകരിക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിന് കാരണമെന്താണ്;

(ബി) മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുസംബന്ധിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ജനോപകാരപ്രദമായ ഈ പ്രവൃത്തി അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഈ പ്രവൃത്തിയുടെ അപാകതകൾ പരിഹരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മീറ്റർ മുതൽ 12000 മീറ്റർ ചെയിനേജ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ ചെയിനേജ് 10490 മീ. മുതൽ 10599 മീ. വരെയുള്ള ആദ്യഭാഗത്ത് കനാൽ എം.സി. റോഡിനെ മുറിച്ചുകടക്കേണ്ടതുണ്ട്. എന്നാൽ എം.സി. റോഡിലൂടെയുള്ള കനത്ത ഗതാഗതവും മറ്റൊരു ബൈപ്പാസ് റോഡിന്റെ അഭാവവും കണക്കിലെടുത്ത് ഈ ഭാഗത്ത് ഓപ്പൺ എക്സ്കവേഷൻ നടത്തുക പ്രായോഗികമല്ലാത്തതിനാൽ ഗതാഗതത്തിനെ ബാധിക്കാത്ത വിധത്തിലുള്ള പുഷ്ത്രൂ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവൃത്തി റീ അറേഞ്ച് ചെയ്യേണ്ടതുണ്ട്. ഈ ഭാഗത്തെ പ്രവൃത്തികൾ സ്പെഷ്യൽ ആന്റ് സ്മിൽഡ് വർക്ക് (ഇഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് & കൺസ്ട്രക്ഷൻ) ആയതിനാൽ ഒരു സ്മിൽഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനാൽ 10490-12000 മീറ്റർ ചെയിനേജ് വരെയുള്ള പ്രവൃത്തിയെ രണ്ടായി വിഭജിച്ച (10490 മുതൽ 10599 വരെയും 10599 മുതൽ 12000 വരെയും) പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നത് പരിശോധിക്കുന്നതിനായി ടി പ്രവൃത്തിയുടെ കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പണികൾ പൂർത്തീകരിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാത്രമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചവന്നതായി കാണുന്നില്ല.

(സി) സാങ്കേതിക തടസ്സങ്ങൾ നീങ്ങുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കാവുന്നതാണ്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ പ്രവൃത്തികൾ പുനരാരംഭിക്കാൻ നടപടി

204 (893) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 7300-7800 ചെയിനേജിലെ നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ പരിഗണനയിലുള്ള 1455/MP2/15/WRD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിയുടെ നിജസ്ഥിതി എന്തെന്നും എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?